പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5433 — 27.03.2018 ൽ മറുപടിയ്ക്ക്

## കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് സഹായകമായ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് സഹായകരമായി സംസ്ഥാന കൃഷിവകുപ്പ് നിലവിലെ പദ്ധതികൾ പുനക്രമീകരിക്കുമോ; വിശദമാക്കുമോ; | എ) വൈഗ 2016- ൽ പങ്കെടുത്ത പ്രതിനിധികളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും അടിസ്ഥാനമാക്കി സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം 2017-18 ന്റെ മൂല്യവർദ്ധന ഭക്ഷ്യ സംസ്കരണത്തിനുള്ള പദ്ധതി പുന:ക്രമീകരിച്ചിട്ടുണ്ട്.<br>1. കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി- 800 ലക്ഷം.<br>ആകെ പദ്ധതി തുകയുടെ 50% അല്ലെങ്കിൽ 50 ലക്ഷം രൂപ ധനസഹായം.<br>ഘടകങ്ങൾ:<br>1. സ്റ്റാർട്ട് അപ്പ് അസിസ്റ്റൻസ്- 3 ലക്ഷം രൂപ<br>2. കെട്ടിടത്തിനും (സ്വന്തം സ്ഥലം) യന്ത്ര സാമഗ്രികൾ.<br>3. റിവോൾവിംഗ് ഫണ്ട് പരമാവധി 50% അല്ലെങ്കിൽ 5 ലക്ഷം രൂപ.<br>2. കേരളത്തിലെ സൂക്ഷ്മ തല കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ കുടുംബശ്രീ ഉൾപ്പെടെ പ്രോത്സാഹന പദ്ധതി- 400 ലക്ഷം. |
| ബി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമായി വെബ് പോർട്ടൽ ആരംഭിക്കുമോ; വ്യക്തമാക്കുമോ; | ബി) എസ്.എഫ്.എ.സി യുടെ നേതൃത്വത്തിൽ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| സി) | കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | സി) | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കൈതാങ്ങൽ നൽകുന്നതിനും വേണ്ടി കൃഷി വകുപ്പ് കേരളത്തിലെ വിവിധ കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളിൽ ടെക്നോ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഇൻക്യുബേഷൻ സെന്ററുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. കൃഷി വിജ്ഞാന കേന്ദ്രം, ആലപ്പുഴ (സി.പി.സി.ആർ.ഐ)<br>2. കൃഷി വിജ്ഞാന കേന്ദ്രം, കുമരകം (കെ.എ.യു)<br>3. കാർഷിക കോളേജ്, വെള്ളായണി.<br>4. കാർഷിക സർവ്വകലാശാല.<br>5. എൻ.ഐ.ഐ.എസ്.ടി, പാപ്പനംകോട്. |
| ഡി) | ദേശീയ, അന്തർദേശീയ തലത്തിലെ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് കാർഷിക മേഖലയിലെ സംരംഭകർക്ക് പരിശീലനവും തുടർസഹകരണവും ഉറപ്പാക്കുമോ; | ഡി) | ഉറപ്പാക്കുന്നതാണ്. |
| ഇ) | സംരംഭകത്വ വികസനത്തിന് കോമൺഫെസിലിറ്റി സെന്ററായി പ്രവർത്തിക്കുന്നതിന് അഗ്രോപാർക്കുകൾ സ്ഥാപിക്കുമോ; വ്യക്തമാക്കുമോ? | ഇ) | 16 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ വർഷം 5 അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ